# ചരിത്ര ദിനം; മുത്തലാഖ് ബില്ല് പാർലമെന്റിൽ

Thursday 28 December 2017 7:34 am IST

janmabhumidaily.com

ന്യൂദൽഹി: മുത്തലാഖ് ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. നിയമമന്ത്രി രവിശങ്കർ പ്രസാദാണ് ബില്ല് അവതരിപ്പിച്ചത്. ബിൽ മുസ്ലീം സ്ത്രീകളുടെ അന്തസ് ഉയർത്തിപ്പിടിക്കുന്നതെന്ന് രവിശങ്കർ പ്രസാദ് പറഞ്ഞു. ഇന്ന് ചരിത്ര ദിനമാണെന്നും അദ്ദേഹം പറഞ്ഞു.

മുസ്‌ലിം രാഷ്ട്രങ്ങളിൽ പോലും മുത്തലാഖ് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. പിന്നീട് എന്തുകൊണ്ട് മതേതരരാജ്യമായ നമ്മുക്കിത് നടപ്പാക്കികൂടാ? കേന്ദ്രസർക്കാർ മുസ്ലീം വ്യക്തിനിയമമായ ശരീഅത്തിൽ ഇടപെടുന്നില്ലെന്നും രവിശങ്കർ പ്രസാദ് കൂട്ടിച്ചേർത്തു.

വിശ്വാസപ്രമാണ പ്രകാരം മോശമായ ഒരു കാര്യമാണ് മുത്തലാഖ്. അത് നിയമത്തിന്റെ മുന്നിലും മോശം തന്നെയാണ്. സുപ്രീംകോടതി വിധിയിലും അതു തന്നെയാണ് വ്യക്തമാക്കുന്നത്. നമ്മൾ മുസ്ലിം സ്ത്രീകളുടെ വേദന മനസിലാക്കണം. 100 ഒ◌ാളം മുത്തലാഖ് കേസുകളാണ് സുപ്രീംകോടതിയുടെ വിധി കാത്തിരിക്കുന്നത്.

ഇന്ത്യക്ക് സവാതന്ത്ര്യം ലഭിച്ച് 70 വർഷം പിന്നിടുമ്പോഴും ഭരണഘടനാപരമായ ദേശീയതയെകുറിച്ച് സംസാരിക്കുന്നു. എന്നാൽ ഇതേ ഭരണഘടന സ്ത്രീകൾക്കും അവകാശങ്ങൾ നൽകുന്നുണ്ട്. മുത്തലാഖ് ചൊല്ലി ഭാര്യയെ ഒഴിവാക്കിയയാൾ ജയിലിൽ പോകേണ്ടി വരും. ഇത് ലിംഗസമത്വത്തിന്റെ ഭാഗം കൂടിയാണ്. രാജ്യത്തെ ഏറ്റവും വലിയ പഞ്ചായത്താണ് ലോക്സഭ. പാർട്ടി, വോട്ട് ബാങ്ക് രാഷ്ട്രീയം എന്നിവയെ മാറ്റി നിർത്തി എല്ലാ നേതാക്കളും ഏകകണ്ഠേന മുത്തലാഖ് ബില്ലിനെ പിന്തുണക്കുകയാണ് വേണ്ടതെന്നും രവിശങ്കർ പ്രസാദ് പറഞ്ഞു.

ഒറ്റയടിക്കുള്ള മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്നതും മുത്തലാഖ് ചൊല്ലുന്നവർക്ക് മൂന്നുവർഷത്തെ തടവ് ശിക്ഷ ശുപാർശ ചെയ്യുന്നതുമാണ് ബില്ല്. വാക്കാലുള്ളതും രേഖാമൂലമുള്ളതും ഇലക്ട്രോണിക് രൂപത്തിലുള്ളതുമായ മുത്തലാഖിനെ തടയുന്നതാണ് പുതിയ ബിൽ.

മുസ്ലീം സ്ത്രീകൾക്ക് ജീവനാംശം ഉറപ്പുവരുത്തുകയും പ്രായപൂർത്തിയാകാത്ത മക്കളുടെ സംരക്ഷണച്ചുമതല സ്ത്രീകൾക്ക് നൽകാനും ബില്ല് വ്യവസ്ഥ ചെയ്യുന്നുണ്ട്. ബില്ലിൻമേൽ കൂടുതൽ ചർച്ച വേണമെന്നാണ് പൊതുവായ ആവശ്യം.

ബില്ലിൽ മാറ്റം വേണമെന്ന് കോൺഗ്രസ് എംപിമാർ സഭയിൽ ആവശ്യപ്പെട്ടു. മുത്തലാഖ് നിരോധിക്കുന്നതിനെ പിന്തുണയ്ക്കുന്നു. എന്നാൽ മൂന്ന് വർഷം ജയിൽ ശിക്ഷ നൽകുന്ന വ്യവസ്ഥയെയാണ് ചോദ്യം ചെയ്യുന്നതെന്നും കോൺഗ്രസ് സഭയെ അറിയിച്ചു. ജീവനാംശം നിർണയിക്കുന്നതിലും വ്യക്തത വേണമെന്നും കോൺഗ്രസ് എംപിമാർ ആവശ്യപ്പെട്ടു.

ബിൽ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് അസദുദ്ദീൻ ഒവൈസി പ്രതികരിച്ചു. ആർട്ടിക്കിൾ 25ന്റെ ലംഘനമാണിതെന്നും ഇത് രാഷ്ട്രീയ പ്രേരിതമാണെന്നും ഇ.ടി മുഹമ്മദ് ബഷീർ കുറ്റപ്പെടുത്തി. അണ്ണാ ഡിഎംകെയും ബിജു ജനതാദളും ബില്ലിനെ എതിർത്തു.

ബില്ലിനെതിരെ മുസ്ലിം വ്യക്തിനിയമ ബോർഡും രംഗത്തു വന്നിട്ടുണ്ട്. ബിൽ തയാറാക്കിയത് മുസ്ലിം സംഘടനകളുമായോ നേതാക്കളുമായോ കൂടിയാലോചിക്കാതെയാണെന്നും ബോർഡ് കുറ്റപ്പെടുത്തി.